**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - യു.ഡി. ക്ലാർക്ക് ശ്രീ. എസ്. ശിവകുമാർ, ശ്രീ. ആർ.ഹർഷകുമാർ തുടങ്ങിയവർ ഫയൽ ചെയ്ത OA (EKM)-333/2014 -ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3383/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.12.2014

=====================================================================

പരാമർശം:- 1) 02.06.2014 തീയതിയിലെ ശ്രീ.എസ്. ശിവകുമാർ, ശ്രീ.ഹർഷകുമാർ എന്നിവർ സമർപ്പിച്ച അപേക്ഷ.

2) 30.06.2014-ലെ OA(EKM) 333/2014 നമ്പർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം.

**<u>ഉത്തരവ്</u>**

നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച യു.ഡി. ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിനെതിരെ ആക്ഷേപം ഉന്നയിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെതിരെ യു.ഡി.ക്ലാർക്കുമാരായ ശ്രീ. ശിവകുമാർ, ശ്രീ. ഹർഷകുമാർ എന്നിവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)-333/2014 മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവിൽ അപേക്ഷകരുടെ അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

സർക്കാർ പ്രതിനിധി അപേക്ഷകരെ നേരിൽ കേട്ടു. രേഖകൾ പരിശോധിച്ചതിൽ നിന്നും പരാതിക്കാരും എതിർ കക്ഷികളും ആശ്രിത നിയമനപ്രകാരമാണ് എൽ.ഡി.ക്ലാർക്കുമാരായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആശ്രിത നിയമനപ്രകാരം സീനിയോറിറ്റി നിശ്ചയിക്കുന്നത് നിയമനാധികാരി നിയമന ഉത്തരവ് നല്കുന്ന തീയതി മുതലാണ്. (28.05.1991-ലെ G.O. (P) No. 19/91/P&ARD നമ്പർ ഉത്തരവ്).

മേൽ സാഹചര്യത്തിൽ പരാതിക്കാർക്കും എതിർകക്ഷികൾക്കും നഗരകാര്യ ഡയറക്ടർ നൽകിയ നിയമന ഉത്തരവ് തീയതി, ടെസ്റ്റ് യോഗ്യത നേടിയ തീയതി, ഒഴിവ് ഉണ്ടായ തീയതി എന്നിവ പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ പുനഃക്രമീകരണം നൽകേണ്ടതാണെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവിൻ പ്രകാരം,**

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.,**
**ഗവൺമെന്റ് സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(ശ്രീ. ശിവകുമാറിന്റെ സേവന പുസ്തകം ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**